ഉത്തരം

(എ) തെരഞ്ഞെടുത്ത ചില സബ്‌രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ വകുപ്പിനെ സംബന്ധിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയ വിദഗ്ദ്ധ സമിതി ചില ശുപാർശകൾ സമർപ്പിച്ചിട്ടുണ്ട്. അവ പരിശോധനയിലാണ്.

(ഡി) രജിസ്ട്രേഷൻ മാന്വൽ അനുസരിച്ച് ആധാരപകർപ്പിനുള്ള അപേക്ഷ ലഭിച്ചാൽ ഏഴ് ദിവസത്തിനുള്ളിലും, മുൻഗണനാഫീസ് അടച്ച് അപേക്ഷിച്ചാൽ മുൻഗണന നൽകിയും പകർപ്പുകൾ നൽകാൻ വ്യവസ്ഥയുണ്ട്.

172 (1390) ക്രൈസ്തവ സമുദായങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ പിന്തുടർച്ച (കേരള ഭേദഗതി) ആക്ട് 1996, നിലവിൽ വന്നിട്ടും നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റും മറ്റു ബന്ധപ്പെട്ട വകുപ്പുകളും തയ്യാറാകാത്തതുമൂലം സംസ്ഥാനത്തെ ക്രൈസ്തവ സമുദായങ്ങൾ നേരിടുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആനുകൂല്യം ക്രൈസ്തവ സമുദായങ്ങൾക്ക് നിഷേധിക്കപ്പെടാതെ ഭേദഗതി നിയമം കർശനമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് സന്നദ്ധമാകുമോ?

ഉത്തരം

(എ)&(ബി) ക്രൈസ്തവർ നിർമ്മിക്കുന്ന വിൽപത്രങ്ങൾ പ്രൊബേറ്റ് ചെയ്യണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് ഉള്ള ആക്ട് (കേരള) 14.3.97-ൽ നിലവിൽ വരികയും ആയത് അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷന് നൽകിയിട്ടുണ്ട്.

173 (1391) ഗ്രന്ഥശാലാ സംഘം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രന്ഥശാലാ സംഘം (ലൈബ്രറി കൗൺസിൽ) വിവിധ നിലവാരത്തിലുള്ള കമ്മിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും അയോഗ്യത കൽപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അയോഗ്യത നീക്കിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ അയോഗ്യത നിലനിൽക്കുന്നതു കൊണ്ട് സർക്കാർ ആഫീസിനോടും സ്കൂളിനോടും അനുബന്ധിച്ചുള്ള ലൈബ്രറികൾക്ക് പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ കഴിയാതെ വന്നിരിക്കുന്ന സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അയോഗ്യത നീക്കം ചെയ്ത് ചട്ടം ഭേദഗതി ചെയ്യുന്നതിന് ലൈബ്രറി കൗൺസിൽ നിവേദനം നൽകിയിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്മേൽ എന്ത് തീരുമാനമെടുത്തു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്റ്റ് അനുസരിച്ചുള്ള തെരഞ്ഞെടുപ്പിൽ സർക്കാർ ജീവനക്കാർ മത്സരിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സർക്കാർ ആഫീസിനോടും സ്കൂളിനോടും അനുബന്ധിച്ചുള്ള ലൈബ്രറികൾ കേരള പബ്ലിക് ലൈബ്രറീസ് ആക്റ്റിന്റെ പരിധിയിൽ വരാത്തതിനാൽ ഈ പ്രശ്നം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

174 (1392) സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഇനങ്ങളിലുള്ള വരുമാനവും

ശ്രീ. ആന്റണി രാജു :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ്ജ് :
ഡോക്ടർ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഇനങ്ങളിലുമുള്ള വരുമാനം വർഷന്തോറും കുറഞ്ഞു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെപ്പറ്റി പഠനം നടത്തുവാൻ കമ്മിറ്റിയെ നിയമിച്ചിരുന്നുവോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly